<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 584
## 07.01.2014 – ൽ മറുപടി പറയേണ്ടത്
## മരാമത്ത് പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക

<table>
<tr><th></th><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td></td><td>ശ്രീമതി. പി.അയിഷാ പോറ്റി</td><td>ശ്രീ. കെ.എം. മാണി<br>(ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി)</td></tr>
<tr><td>(എ)</td><td>മരാമത്തു പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഭരണാനുമതി നല്കിയ തുകയും തമ്മിലുള്ള അനുപാത ക്രമം പാലിക്കാത്തതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായി 2011-2012 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉന്നയിച്ചിട്ടുണ്ടായിരുന്നോ।</td><td>ഉന്നയിച്ചിട്ടുണ്ടായിരുന്നു.<br>ഖണ്ഡിക 26 ബഡ്ജറ്റ് പ്രസംഗം 2011-12</td></tr>
<tr><td>(ബി)</td><td>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ മരാമത്ത് പണികൾക്ക് വകയിരുത്തിയത് എന്തു തുകയായിരുന്നു; പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി നല്കിയത് എന്തു തുക വീതമായിരുന്നു;</td><td>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ മരാമത്ത് പണികൾക്ക് വിവിധ ധനാഭ്യർത്ഥനകളിൽ താഴെപറയുന്ന പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.
<table>
<tr><th>ധനാഭ്യർത്ഥന</th><th>2012-13 (തുക കോടിയിൽ)</th><th>2013-14 (തുക കോടിയിൽ)</th></tr>
<tr><td>21-ഭവനനിർമ്മാണം</td><td>30.23</td><td>38.83</td></tr>
<tr><td>15-പൊതുമരാമത്ത്</td><td>1941.69</td><td>1719.15</td></tr>
<tr><td>38-ജലസേചനം</td><td>529.68</td><td>579.41</td></tr>
<tr><td>29-കൃഷി</td><td>149.27</td><td>97.30</td></tr>
<tr><td>25-പട്ടികജാതി /പട്ടികവർഗ്ഗം/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ</td><td>90.77</td><td>115.45</td></tr>
<tr><td>17-വിദ്യാഭ്യാസം കായികവിനോദം കല സംസ്ക്കാരം</td><td>136.02 (P)</td><td>164.3(P)<br>140 (NP)</td></tr>
<tr><td>24-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും</td><td>145.9(P)</td><td>144.5(P)</td></tr>
<tr><td>31-മൃഗസംരക്ഷണം</td><td>4.25</td><td>11.9</td></tr>
<tr><td>33-മത്സ്യബന്ധനം</td><td>1.4</td><td>0.5</td></tr>
<tr><td>18-വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും</td><td>92.95</td><td>173.01</td></tr>
</table>
പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി നൽകിയ തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.</td></tr>
</table>

| | | |
|---|---|---|
| *(സി)* | മരാമത്ത് പണികൾ നിർവഹിച്ച കരാറുകാർക്ക് എന്തു തുക ഇനിയും കൊടുത്ത് തീർക്കുവാനുണ്ട്; നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പ് വർഷം എത്ര കോടിയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | ധനകാര്യ വകുപ്പിൽ ലഭിച്ച എൽ.ഒ.സി. നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.07.2013 മുതൽ 30.09.2013 വരെയുള്ള കാലയളവിലെ 254.94 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 121.53 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെയുള്ള കാലയളവിലെ 61.39 കോടി രൂപയും നല്കാനുണ്ട്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ പൂർത്തിയാക്കി ബില്ലുകൾ ബന്ധപ്പെട്ട ഡിവിഷനുകൾ പാസാക്കുന്ന മുറയ്ക്ക് മാത്രമേ അധിക ബാധ്യത കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ